©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

## (2023-2024)

## THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS

## (2023-2024)

**2023 ഫെബ്രുവരി 27-ാം തീയതി സമർപ്പിച്ചത്**

**(Presented on 27th February,2023)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2023-2024)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2023-2024)

188/2023.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2023 ഫെബ്രുവരി 15, 17 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2023 ഫെബ്രുവരി 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പി. രാജീവ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 27.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 1947.2304 കോടി രൂപ

ചാർജ് ചെയ്തത് : ഇല്ല

2407-60-001-99—പ്ലാന്റേഷൻ ഡയറക്ടറേറ്റ്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

1.പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-84(01)-33—സംരംഭക സഹായ പദ്ധതി / സംസ്ഥാന നിക്ഷേപ സബ്സിഡി -സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 60 കോടി രൂപ (പ്ലാൻ)

2. വ്യവസായ വകുപ്പിന്റെ സുപ്രധാന ഫ്ലാഗ് ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നേട്ടം പൂർണ്ണമായും കൈവരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി വരും വർഷത്തിലും നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-102-25(01)—നാനോ യൂണിറ്റുകൾ - അതിസൂക്ഷ്മ വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി സഹായം

ബഡ്ജറ്റ് വിഹിതം:18 കോടി രൂപ (പ്ലാൻ)

3. നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്ന ഈ പദ്ധതിക്ക് സംരംഭകർക്കിടയിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ പദ്ധതിക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-74—പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 2.9 കോടി രൂപ (പ്ലാൻ)

4. കോവിഡ്-19 മഹാമാരിക്കു ശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും കണ്ണൂർ ഐ.ഐ.എച്ച്.റ്റി.-ക്ക് ഭരണ ചെലവുകൾ ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾക്കായി ഫണ്ടൊന്നും ലഭിച്ചിട്ടില്ല എന്നും ആയത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഇതിനായി വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

5. സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ/നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയ്ക്ക് കൈത്തറി വസ്ത്രങ്ങളുടെ ഉൽപാദനം വർദ്ധിച്ച സാഹചര്യത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-86—പൊതുപ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

6. കരകൗശല മേഖലയിൽ പൊതുപ്രവർത്തന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-70—പരമ്പരാഗത സ്വർണ്ണ പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം

ബഡ്ജറ്റ് വിഹിതം : 20 ലക്ഷം രൂപ (പ്ലാൻ)

7. സംസ്ഥാനത്തെ പരമ്പരാഗത സ്വർണ്ണ പണിക്കാർക്ക് ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുവാൻ കാഡ്കോ, ജെം ആന്റ് ജ്വവലറി സ്കിൽ കൗൺസിൽ ഓഫ് ഇൻഡ്യ എൻ.എസ്.ഡി.സി.യുമായി ചേർന്ന് നടത്തുന്ന ട്രെയിനിംഗ്

പ്രോഗ്രാം ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ നടത്തുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-104-69—ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

8. സുരഭിയ്ക്ക് കോവളത്ത് ക്രാഫ്റ്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-99-31—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 46.002 കോടി രൂപ (നോൺ പ്ലാൻ)

9. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിന് മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 160.425 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറവില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

10. സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-95-10—കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന

ബഡ്ജറ്റ് വിഹിതം :1000 രൂപ (നോൺ പ്ലാൻ)

11. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായം ധനസഹായമായി നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമിനത്തിലുള്ള കുടിശ്ശിക തുക 13.9790440 കോടി

രൂപയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 13.9790440 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

12. പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം നൽകുക മുതലായ ഉദ്ദേശങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് നിലവിൽ വകയിരുത്തിയിരിക്കുന്ന 3 കോടി രൂപ അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-73—ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന / ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ (പ്ലാൻ)

13. ഖാദി തൊഴിലാളികൾക്ക് ഉത്പാദന പ്രോത്സാഹനം നൽകുന്നതിനും സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ബത്ത നൽകുന്നതിനുമായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-71—വകുപ്പുതല ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും

ബഡ്ജറ്റ് വിഹിതം : 1.75 കോടി രൂപ (പ്ലാൻ)

14. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.816 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-105-66(03)—ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

15. ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 32 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2851-00-106-95—<u>വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

16. കയർ മേഖലയുടെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും കയർ ഉത്പ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-106-92(02)—<u>വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി ) - സംസ്ഥാന വിഹിതം</u>

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

17. കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-106-35—<u>കയർ മേഖലക്കുള്ള അപ്പക്സ് ബോഡി</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

18. കയർ മേഖലയിലെ ഒരു മോണിറ്ററിംഗ് സംവിധാനമായും പരാതി പരിഹാര സംവിധാനമായും പ്രവർത്തിച്ചു വരുന്ന കയർ അപ്പെക്സ് ബോഡിയുടെ ഓഫീസ് പ്രവർത്തനങ്ങളുടെ ചെലവിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ <u>മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2851-00-106-26—<u>കയർ ഉത്പ്പാദന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും</u>

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

19. കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം നൽകുന്നതിനും പുനരുജ്ജീവന നടത്തിപ്പിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

2852-08-202-97—കോട്ടൺ ബോർഡ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

20. വ്യവസായവകുപ്പിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി സീസൺ സമയത്ത് കുറഞ്ഞ വിലയ്ക്ക് വാങ്ങി നല്കുന്നതിനായി കോട്ടൺ ബോർഡിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-90—ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 7.2 കോടി രൂപ (പ്ലാൻ)

21. സംസ്ഥാനത്ത് കശുമാവ് കർഷക കൂട്ടായ്മ രൂപീകരിക്കുന്നതിനും കശുവണ്ടി സംഭരണം ആരംഭിക്കുന്നതിനും വേണ്ടി 30 ലക്ഷം രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

4860-60-190-94—കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 2.25 കോടി രൂപ (പ്ലാൻ)

22. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ& അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷന്റെ 2014-15 വർഷങ്ങളിലെ കുടിശ്ശികയായ ഇ.പി.എഫ്. തൊഴിലുടമ വിഹിതം അടക്കാൻ 3.77 കോടി രൂപയും 2005 വരെയുള്ള KGST/CST കുടിശ്ശിക തീർപ്പാക്കുന്നതിനായി 65 കോടി രൂപയും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുവാൻ 3 കോടി രൂപയും ഉൾപ്പെടെ ആകെ 133.82 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 133.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2852-08-600-81—ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99—കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

23. കാപ്പെക്സിന്റെ ഫാക്ടറികളുടെ വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപയും 2021-22 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 9 കോടി രൂപയും വില്പന നികുതി ആംനെസ്റ്റി സ്കീമിനായി 4 കോടി രൂപയും ഉൾപ്പെടെ ആകെ 23 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-001-98—ജില്ലാ ഘടകങ്ങളുടെ രൂപീകരണം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

24. മൈനിംഗ്&ജിയോളജി വകുപ്പിന്റെ ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതുക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്ക് വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-001-96—ഖനന ഭൂവിജ്ഞാന വകുപ്പിന്റെ ആധുനീകരണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

25. മൈനിംഗ്&ജിയോളജി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-003-99—ഉദ്യോഗസ്ഥന്മാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (പ്ലാൻ)

26. മൈനിംഗ്&ജിയോളജി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2853-02-102-99—ധാതു പര്യവേക്ഷണം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

27. മൈനിംഗ്&ജിയോളജി വകുപ്പിൽ ധാതു പര്യവേക്ഷണത്തിനായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2885-60-190-91—കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപം.

ബഡ്ജറ്റ് വിഹിതം : 59.5 കോടി രൂപ (പ്ലാൻ)

28. ഈ ബഡ്ജറ്റ് ശീർഷകത്തിലെ മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയെന്ന ആറാമത്തെ ഘടകത്തിന് 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഈ സ്കീമിന്റെ കീഴിൽ ധാരാളം സഹായ-സാമ്പത്തിക അഭ്യർത്ഥനകളും അന്വേഷണങ്ങളും ലഭിച്ചിട്ടുള്ളതിനാൽ 3 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഈ ഘടകത്തിനായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഈ ബഡ്ജറ്റ് ശീർഷകത്തിലെ സുസ്ഥിര വ്യവസായ പ്രോത്സാഹന പദ്ധതിയെന്ന എട്ടാമത്തെ ഘടകത്തിന് 28 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഈ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിന് 22 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഈ ഘടകത്തിനായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 22 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

30. കേരള കരകൗശല മേഖലയിലുള്ള സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ., കെൽപാം തുടങ്ങിയവയുടെ ആധുനികവത്കരണം, സാങ്കേതിക നവീകരണം, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് നിലവിൽ 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4851-00-190-99 —കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ

ബഡ്ജറ്റ് വിഹിതം : 2.25 കോടി രൂപ (പ്ലാൻ)

31. കേരള കൈത്തറി വികസന കോർപ്പറേഷനിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മാസ്റ്റർ പ്ലാനിന് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10.89 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4858-60-190-83—ബിഎച്ച്ഇഎൽ -ഇഎംഎൽ ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

32. കാസർഗോഡുള്ള കെൽ-ഇഎംഎൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 18.64 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4860-60-190-90—കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

33. കേരള റബ്ബർ ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർ പ്ലാനിന്റെ ഘട്ടം ഒന്നിന്റെ ഭാഗമായി 2023-24 വർഷം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 53.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-01-190-95—കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

34. കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള പഴക്കമേറിയതും ഉപയോഗശൂന്യവുമായ മെഷിനറികൾ മാറ്റി പുതിയവ സ്ഥാപിച്ച് ക്രിസ്റ്റൽ ഉൽപാദനം പുനരാരംഭിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4885-60-800-96—<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും ഉള്ള തുക</u>

ബഡ്ജറ്റ് വിഹിതം : 30 കോടി രൂപ (പ്ലാൻ)

35. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതുവരെ പ്രവർത്തനമൂലധനം നൽകുന്നതിന് 20 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളുടെ നിലവിലെ സ്റ്റാറ്റ്യൂട്ടറി ബാദ്ധ്യതകളും വൈദ്യുതി കുടിശ്ശികയും ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി 100 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>മേൽ ശീർഷകത്തിൽ 120 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6851-00-109-74(01)—<u>കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ - സംസ്ഥാന സഹായ പദ്ധതികൾ</u>

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

36. സംസ്ഥാനത്ത് ടെക്സ്ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ കോട്ടൺ സുഗമമായി സംഭരിക്കുന്നതിനായി നിലവിൽ വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമായതിനാൽ <u>മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6851-00-190-98—<u>കരകൗശല വികസന കോർപ്പറേഷനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

37. കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Digital Marketing & Branding, Cluster Development, മുംബൈ, ന്യൂഡൽഹി, എറണാകുളം, തിരുവനന്തപുരം-സ്റ്റാച്യു എന്നീ വില്പന ശാലകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി <u>മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6851-00-190-90—<u>കേരള സംസ്ഥാന ചെറുകിട വ്യാവസായിക വികസന കോർപ്പറേഷനുള്ള വായ്പ</u>

ബഡ്ജറ്റ് വിഹിതം : 8.2 കോടി രൂപ (പ്ലാൻ)

38. സിഡ്കോയുടെ തൃശ്ശൂർ കല്ലേറ്റുംകരയിലെ വ്യവസായ എസ്റ്റേറ്റ് നവീകരണത്തിനായും പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് റോഡ് റീടാർ ചെയ്യുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6851-00-190-88—കേരള സംസ്ഥാന പന ഉൽപ്പന്ന തൊഴിലാളി ക്ഷേമ കോർപ്പറേഷന് വായ്പ

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

39. കെൽപാമിന്റെ ജാഗ്ഗറി നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6853-60-190-97 —ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 23 കോടി രൂപ (പ്ലാൻ)

40. മലിന ജലത്തിൽ നിന്നും ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അഞ്ചു വർഷ മാസ്റ്റർ പ്ലാൻ പ്രകാരം പ്ലാന്റുകളുടെ നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 72.82 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ (പ്ലാൻ)

41. 125 ഓളം കുത്തിവയ്പ്പ് മരുന്നുകളുടെയും നേത്രശുശ്രൂഷ മരുന്നുകളുടെയും രൂപവൽക്കരണത്തിനായുള്ള ഈ പദ്ധതി ചെലവ് വർദ്ധിച്ചതിനാൽ ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-01-190-96—കേരള ഇലക്ട്രിക്ക് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 11 കോടി രൂപ (പ്ലാൻ)

42. കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 19 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-02-190-94—മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

43. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എനർജി ഹബ്ബിലെ ഇന്ധന വില്പന വർദ്ധിപ്പിക്കുന്നതിന് വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കമ്പനിയിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-03-190-99—കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

44. കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ-റിക്ഷ, ഇ-പിക് അപ്പ് വാൻ, ഇ-ടിപ്പർ, CNG ഓട്ടോ തുടങ്ങിയവ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി നിർമ്മിക്കുന്നതിന് 10 കോടി രൂപയും ISRO-ൽ നിന്നും വരുമാനം ഇരട്ടിപ്പിക്കുന്നതിലേക്ക് CNC മെഷീനുകൾ, ആധുനിക യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിലേക്ക് 10 കോടി രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-04-190-84—സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 5.5 കോടി രൂപ (പ്ലാൻ)

45. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി 7.2 കോടി രൂപയും മെഷിനിങ് യൂണിറ്റിന്റെ വിപുലീകരണത്തിനായി 1.5 കോടി രൂപയും ഉൾപ്പെടെ ആകെ 8.7 കോടി രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6858-60-190-89—ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 8.5 കോടി രൂപ (പ്ലാൻ)

46. ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കുന്നതിനും റെയിൽവേയിൽ നിന്നും ലഭിച്ച കാസ്നബ് ബോഗികളുടെ ഓർഡർ സമയബന്ധിതമായി പൂർത്തിയാക്കുവാനും 12 കോടി രൂപ അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6859-02-190-99—കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

47. പവർ ഇലക്ട്രോണിക്സ്, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ്, ഡിഫൻസ് ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് എന്നിവയിലെ വൈവിധ്യവത്കരണവും ഉൽപ്പന്നവികസനവും ഇതുമായി ബന്ധപ്പെട്ട ഗവേഷണവും വിപണിയിൽ മേൽകൈ നേടുന്നതിന് അത്യന്താപേക്ഷിതമാണ് എന്നും ഇതിലേക്കായി 27.66 കോടി രൂപയാണ് ആവശ്യമെന്നും സമിതി മനസ്സിലാക്കുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.66 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6859-02-190-94—കെൽട്രോൺ ഇലക്ട്രോ സെറാമിക് യൂണിറ്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

48. കമ്പനിയുടെ പീസോ കോംപോസിറ്റ് ട്രാൻസ്ഡ്യൂസേഴ്സ്, റബ്ബർ മോൾഡ് പ്രോഡക്ട്സ് തുടങ്ങിയ ഹ്രസ്വകാല പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള മൂലധനമായി നടപ്പു സാമ്പത്തിക വർഷം 2 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-99—തിരുവനന്തപുരം സ്പിന്നിംഗ് മിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

49. തിരുവനന്തപുരം സ്പിന്നിംഗ് മില്ലിലെ പ്ലാന്റിന്റെയും മെഷിനറികളുടെയും നവീകരണത്തിനായും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-97—സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.3 കോടി രൂപ (പ്ലാൻ)

50. മില്ലിന്റെ ആധുനികവത്കരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-01-190-95—കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 23.05 കോടി രൂപ (പ്ലാൻ)

51. കോർപ്പറേഷനു കീഴിലുള്ള പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9.53 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-05-190-99—കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

52. പേപ്പർ മെഷീൻ പ്ലാന്റ് , മെക്കാനിക്കൽ പൾപ്പിങ് പ്ലാന്റ്, കെമിക്കൽ റിക്കവറി ബോയിലർ, കെമിക്കൽ പൾപ്പിങ് പ്ലാന്റ് എന്നിവയുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യനവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-94—കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

53. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പെയിന്റ് ഗ്രേഡ് പൌഡർ നിർമ്മാണ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-79—കേരള ക്ലേസ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

54. ലാറ്ററൈറ്റ് എക്സ്ട്രാക്ഷന്റെ വിപുലീകരണം, ആന്റിസെപ്റ്റിക് & ഡിസ്ഇൻഫെക്റ്റന്റ്സ് നിർമ്മാണ യൂണിറ്റ് വിപുലീകരണം, പഴയങ്ങാടിയിലെ ജൈവ വൈവിധ്യ പാർക്ക്, സോയിൽ മ്യൂസിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6860-60-190-78—കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 43.55 കോടി രൂപ (പ്ലാൻ)

55. കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനഃപുനവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 16.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. രാജീവ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2023 ഫെബ്രുവരി 22.